# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2644 — 19.12.2012 - ൽ മറുപടിക്ക്

### വൈപ്പിൻ മണ്ഡലത്തിലെ ശുദ്ധജലവിതരണം

**ചോദ്യം**

**ശ്രീ. എസ്.ശർമ്മ**

**മറുപടി**

പി ജെ. ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

(എ) വൈപ്പിൻ മണ്ഡലത്തിലെ ശുദ്ധ ജല വിതരണത്തിൽ പമ്പിംഗ് തടസ്സപ്പെടുന്നത് മൂലം ദിവസങ്ങളോളം വെള്ളം ലഭിക്കാതെ ജനങ്ങൾ ബുദ്ധിമുട്ടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഹഡ്കോ, ചൊവ്വര പദ്ധതികളിൽ നിന്നും വൈപ്പിൻ മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലേയ്ക്ക് ആവശ്യാനുസരണം ശുദ്ധജലം ലഭിക്കുന്നതിന് സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കുമോ;

(ബി) എടവനക്കാട്, കുഴിപ്പിള്ളി എന്നീ പഞ്ചായത്തുകൾക്കു വേണ്ടി ഫിഷറീസ്, ജിഡ എന്നിവയുടെ ധനസഹായത്തോടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കുടിവെള്ള പദ്ധതിയുടെ ഭാഗമായ 400 എം.എം ഡി.ഐ.കെ9(എച്ച്ഡിപിഇ) പൈപ്പുകൾ പറവൂർ സമ്പ് മുതൽ എടവനക്കാട് വരെ സ്ഥാപിക്കുന്ന പ്രവൃത്തിയും എടവനക്കാട് അണിയിൽ ടാങ്കിന്റെ നിർമ്മാണവും പൂർത്തീകരിക്കുന്ന മുറയ്ക്ക് വൈപ്പിൻ മണ്ഡലത്തിലേയ്ക്ക് ചൊവ്വര പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള തോതിൽ കുടിവെള്ളം ലഭ്യമാക്കുവാൻ സാധിക്കും.

ഹഡ്കോ പദ്ധതിയുടെ ഭാഗമായി പച്ചാളം പമ്പ്ഹൗസിൽ നിന്നും പുതുവൈപ്പിലെ സംപിലേയ്ക്കാണ് ഇപ്പോൾ ശുദ്ധജലം എത്തിക്കുന്നത്. വൈപ്പിൻ മേഖലയിലെ എളംകുന്നപ്പുഴ, ഞാറയ്ക്കൽ, നായരമ്പലം എന്നീ പഞ്ചായത്തുകൾക്കുവേണ്ടി ജിഡയുടെ ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയുടെ വിതരണ ശൃംഖലയുടെയും പമ്പിംഗ് മെയിനിന്റേയും ടാങ്കിന്റേയും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുന്നു. ഇവ പൂർത്തിയാകുന്ന മുറയ്ക്ക് ഹഡ്കോ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള കുടിവെള്ളം പൂർണ്ണ തോതിൽ വൈപ്പിൻ മേഖലയിലേയ്ക്ക് എത്തിക്കുവാൻ സാധിക്കും. മാത്രമല്ല,

വൈപ്പിനിലേയ്ക്ക് പച്ചാളം പമ്പ് ഹൗസിൽ നിന്നും കുടിവെള്ളം എത്തിക്കുന്ന ഹഡ്കോ പദ്ധതിയിൽ ഉൾപ്പെട്ട 800 എം.എം പൈപ്പ്ലൈൻ വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന്റെ നിർമ്മാണ ഘട്ടത്തിൽ വടുതല റെയിൽവെ ട്രാക്കിനു താഴെ പൊട്ടിയതു മൂലം ഇപ്പോൾ താല്കാലികമായി വ്യാസം കുറഞ്ഞ പൈപ്പിലൂടെയാണ് കുടിവെള്ളം എത്തിക്കുന്നത്. ഈ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നതിനാവശ്യമായ തുക പോർട്ട് ട്രസ്റ്റ്/ ആർയുഎൻഎൽ എന്നിവയിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ടെണ്ടറുകൾ ക്ഷണിച്ച് പണി പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ.

| | |
|---|---|
| (സി) വൈപ്പിൻ മണ്ഡലത്തിൽ മാത്രമായി ഏതെങ്കിലും ശുദ്ധ ജലവിതരണപദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഏത് പദ്ധതിയാണെന്ന് വ്യക്തമാക്കുമോ; | (സി) വൈപ്പിൻ മണ്ഡലത്തിൽ മാത്രമായി ശുദ്ധജലവിതരണ പദ്ധതി നിലവിലില്ല. |
| (ഡി) മണ്ഡലത്തിൽ പ്രതിദിനം ആവശ്യമുള്ള വെള്ളത്തിന്റെ അളവ് എത്രയെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ ? | (ഡി) വൈപ്പിൻ മണ്ഡലത്തിൽ പ്രതിദിനം ആവശ്യമുള്ള വെള്ളത്തിന്റെ അളവ് പഞ്ചായത്തടിസ്ഥാനത്തിൽ താഴെ പറയുന്നു.<br>1. എളംകുന്നപ്പുഴ - 5.92 MLD<br>2. ഞാറയ്ക്കൽ - 2.83 MLD<br>3. നായരമ്പലം - 2.78 MLD<br>4. എടവനക്കാട് - 2.41 MLD<br>5. കുഴിപ്പിള്ളി - 1.42 MLD<br>6. പള്ളിപ്പുറം - 5.09 MLD<br>7. മുളവുകാട് - 4.50 MLD<br>8. കടമക്കുടി - 3.00 MLD |

സെക്ഷൻ ഓഫീസർ